(ഡി) സർക്കാർ ഗ്രാന്റ് ലഭിക്കാൻ തടസ്സം നേരിടുന്ന കായിക വിദ്യാഭ്യാസ പരിശീലന കലാലയങ്ങൾ സംസ്ഥാനത്തുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി/ഒ.ഇ.സി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്/ ഹോസ്റ്റൽ ഫീസ് ആനുകൂല്യം, പോക്കറ്റ്മണി, ഫീസാനുകൂല്യങ്ങൾ എന്നിവ അനുവദിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ എൽ.എൻ.സി.പി.ഇ., ജി.വി. രാജ സ്പോർട്സ് സ്കൂൾ എന്നിവയ്ക്ക് നിലവിൽ ഗ്രാന്റുകളും പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് പോക്കറ്റ് മണിയും നൽകിവരുന്നുണ്ട്. കണ്ണൂർ ജില്ലയിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തിനും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്തെ പട്ടികജാതി ലിസ്റ്റ്

307 (2863) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതൊക്കെ ജാതികളാണ് പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും കഴിഞ്ഞ 10 വർഷത്തിനിടയിൽ പുതിയതായി ഏതെങ്കിലും ജാതിയെ പട്ടികജാതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നു കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിലും പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി എന്ത് തുക വീതമാണ് വകയിരുത്തിയതെന്നും ഇതിൽ എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പട്ടികജാതി ക്ഷേമത്തിനായി വകയിരുത്തിയ തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിലെ നിലവിലുള്ള പട്ടികജാതി പട്ടിക അനുബന്ധമായി ചേർക്കുന്നു.* കഴിഞ്ഞ 10 വർഷത്തിനിടയിൽ പുതിയതായി ഒരു ജാതിയേയും പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി)

വർഷം	വകയിരുത്തിയ തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2011-12	67596.50	63163.24
2012-13	71345.39	69868.84
2013-14	103644.00	91757.11

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പട്ടികജാതി ക്ഷേമത്തിനായി വകയിരുത്തിയ തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

സർക്കാർ സർവ്വീസിൽ പട്ടികജാതിക്കാർക്കുള്ള സംവരണം

308 (2864) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയാടിസ്ഥാനത്തിൽ സർക്കാർ സർവ്വീസിൽ പട്ടികജാതിക്കാർക്കുള്ള സംവരണം എത്ര ശതമാനമാണെന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാന സർക്കാർ സർവ്വീസിൽ പട്ടികജാതിക്കാർക്കുള്ള സംവരണം എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് സംവരണ തസ്തികകൾ നിയമനം നടക്കാതെ ഒഴിഞ്ഞു കിടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്